## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1876 | 06.02.2019 ൽ മറുപടിയ്ക്ക് |
|---|---|
| **ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.അൻവർ സാദത്ത്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) പ്രളയാനന്തരപുനർനിർമ്മാണം പോലുള്ള പദ്ധതികൾക്ക് ഒപ്പം സമൂഹം പുരോഗമനപരവും മതനിരപേക്ഷവുമായി നിലനിൽക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എ) കേരളം കൈവരിച്ച സാമൂഹ്യ പരിഷ്കരണ നേട്ടങ്ങൾ, നവോത്ഥാന മൂല്യങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും, സ്ത്രീ പുരുഷ സമത്വം ഉയർത്തിക്കാട്ടുന്നതിനും ഒരു ക്യാമ്പയിൻ എന്ന നിലയിൽ 2019 ജനുവരി 1ന് നവോത്ഥാന സംരക്ഷണ സമിതി സംഘടിപ്പിച്ച വനിതാ മതിലിന് സർക്കാർ പിന്തുണ ഉറപ്പാക്കിയത്. ഒന്നര നൂറ്റാണ്ടു കാലം നീണ്ടു നിന്ന നവോത്ഥാന പരിശ്രമത്തിന്റെ ശ്രമഫലമാണ് ഇന്നു കാണുന്ന ആധുനിക കേരളം. ആ ആശയങ്ങളെ തുടച്ചു നീക്കി ദുരാചാരങ്ങൾ തിരിച്ചുകൊണ്ടുവരുന്നതിന് ചില കേന്ദ്രങ്ങൾ ബോധപൂർവ്വം ശ്രമിക്കുമ്പോൾ അതിനെതിരായ ചെറുത്തുനിൽപാണ് വനിതാമതിൽ പോലുള്ള ജനമുന്നേറ്റങ്ങൾ. |
| ബി) പ്രളയകാലത്ത് സർക്കാർ ജീവനക്കാരുടെ ഭാഗത്ത് നിന്നുണ്ടായ കരുതലും ആർജ്ജവവും, ഒരു വിഭാഗം ജീവനക്കാരെ മാത്രം വിശ്വാസത്തിലെടുത്തുകൊണ്ട് സംഘടിപ്പിച്ച വനിതാ മതിൽ മൂലം നഷ്ടമായി എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ തലമുറ കണ്ട ഏറ്റവും വലിയ വെള്ളപ്പൊക്കമാണ് ആഗസ്റ്റ് മാസത്തിലുണ്ടായത്. പ്രളയകാലത്ത് രക്ഷാ പ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും പുനർനിർമ്മാണ പ്രവർത്തനങ്ങളും ലോകത്തിന് മാതൃകയായി നിർവ്വഹിച്ച സംസ്ഥാനമാണ് നമ്മുടേത്. വിഭവസമാഹരണവും ആസൂത്രണത്തിന്റെ കൃത്യതയും നിർവ്വഹണത്തിന്റെ ചടുലതയും മേൽനോട്ടത്തിന്റെ ജാഗ്രതയും സൂക്ഷ്മമായി ഏകോപിപ്പിച്ചാണ് പ്രളയത്തിന്റെ അതിജീവനം സാധ്യമായത്. മത്സ്യത്തൊഴിലാളികളും, യുവാക്കളും, |

| | |
|---|---|
| | പ്രവാസികളും സാധാരണ ജനങ്ങളും ഉദ്യോഗസ്ഥരും ഒരേ മനസ്സോടെ ദുരന്തത്തെ നേരിടാൻ കൈകോർത്തു. അതേ ആവേശത്തോടെ തന്നെ നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ക്യാമ്പയിനിലും അവർ പങ്കെടുത്തിട്ടുണ്ട്. |
| സി) ജീവനക്കാരുടെ ഇടയിൽ പ്രകടമായ ചേരിതിരിവ് ഉണ്ടാക്കുന്നതിനും അവരെ പല തട്ടുകളിലാക്കുന്നതിനും വനിത മതിൽ ഇടയാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഭാവിയിൽ ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുമ്പോൾ എല്ലാ വിഭാഗം ജീവനക്കാരെയും വിശ്വാസത്തിലെടുക്കുന്നതിനും അവരുടെ പൂർണ്ണ സഹകരണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ എന്നറിയിക്കാമോ? | സി) കണ്ടെത്തിയിട്ടില്ല. ഭരണഘടനാദത്തമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ എല്ലാ വിഭാഗം ജീവനക്കാരും ആവേശപൂർവ്വം പങ്കെടുത്തിട്ടുണ്ട് എന്നതിന് വൻ പങ്കാളിത്തം തെളിവാണ്. |

സെക്ഷൻ ഓഫീസർ